പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 4718

22/03/2018 ൽ
മറുപടിക്ക്

## റിയാബിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.റോജി എം. ജോൺ | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) റിയാബിന്റെ പ്രവർത്തനം വിശദീകരിക്കാമോ; | എ) സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകനത്തിനായും നിരീക്ഷണത്തിനായും പദ്ധതികളുടെ വിശകലനമുൾപ്പെടെയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി രൂപീകരിച്ച റിയാബ് നിർവ്വഹിച്ചു വരുന്ന ചുമതലകളുടെ സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.<br>► വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മാസംതോറുമുള്ള പ്രവർത്തന അവലോകന സംവിധാനത്തിന്റെ ചുമതല<br>► പൊതുമേഖലാസ്ഥാപനങ്ങളിലെ ആഡിറ്റിംഗ്, അക്കൗണ്ട്സ് എന്നിവയുടെ പൂർത്തീകരണം സംബന്ധിച്ചുള്ള പുരോഗതി അവലോകനം ചെയ്യുന്നതിനുള്ള ചുമതല<br>► പൊതുമേഖലാ സ്ഥാപനങ്ങളുടെ ബഡ്ജറ്റ് |

വിഹിതത്തിനായുള്ള വാർഷിക പദ്ധതികൾ ക്രോഡീകരിച്ച് സംസ്ഥാന പ്ലാനിംഗ് ബോർഡിൻെറയും സർക്കാരി ൻെറയും അംഗീകാരത്തിനായി സമർപ്പിക്കുന്ന ചുമതല

▶ ബഡ്ജറ്റിൽ നിന്നുള്ള ധനസഹായത്തിനായി പൊതുമേഖലാ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പദ്ധതികൾ പരിശോധിച്ച് ആവശ്യമായ ശുപാർശകളോടെ വർക്കിംഗ് ഗ്രൂപ്പിൻെറ അംഗീകാരത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിക്കുക.

▶ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പുനസംഘടനാ നടപടികൾക്കായി ആവശ്യമെങ്കിൽ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കി സർക്കാരിന് ശുപാർശ നൽകുക

▶ മാനവ വിഭവശേഷിയുടെ വികസനത്തിനായി ഉന്നതതല മാനേജ്മെൻറിനായി പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടത്തുക

▶ സ്ഥാപനങ്ങളിലെ പി.എസ്.സി യുടെ പരിധിയിൽ വരാത്ത തസ്തികകളിലെ നിയമനങ്ങളിലെ നടപടിക്രമങ്ങൾ മോണിട്ടർ ചെയ്യുന്നതിനുള്ള ചുമതല

▶ വിവര സ ങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള നൂതന ഇ-ഗവേണൻസ് സംവിധാനങ്ങൾ ഏർപ്പെടുത്തി കമ്പനികളുടെ ഭരണ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

▶ പൊതുമേഖലാസ്ഥാപനങ്ങളെ സംബന്ധിച്ച് സർക്കാരിലേക്ക് ആവശ്യമായ വിവരങ്ങൾ ക്രോഡീകരിച്ച് ലഭ്യമാക്കുക.

▶ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനവും വിശകലനവും സംബന്ധിച്ചുള്ള വിവിധ റിപ്പോർട്ടുകൾ തയ്യാറാക്കി വിശകലനം ചെയ്ത് സർക്കാരിന് ന ൽ കുക

പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെൻറിനെ ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി മാനേജിംഗ് ഡയറക്ടർമാരെ സുതാര്യമായ രീതിയിൽ തെരഞ്ഞെടുക്കുന്നതിൻെറ ഭാഗമായുള്ള നടപടിക്രമങ്ങൾ നടത്തുന്നതിനായി ആവശ്യാനുസരണം റിയാബി നെ ചുമതലപ്പെടുത്താറുണ്ട്.

റിയാബ് മുഖേന മാസം തോറും നടത്തിവരുന്ന പ്രവർത്തന അവലോകനങ്ങളുടെ ഫലമായി അനുകരണീയമാക്കാവുന്ന മാനേജ്മെൻറ് നടപടിക്രമങ്ങൾ മറ്റുള്ള സ്ഥാപനങ്ങളിലേയ്ക്കും പകർന്നു നൽകുവാൻ സഹായകമായിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തന പുരോഗതി നേടുന്നതിനായുള്ള വിവിധ ഘടകങ്ങളിൽ റിയാബ് നിർവ്വഹിച്ചുവരുന്ന ചുമതലകൾക്കും പ്രാധാന്യമുണ്ട്. സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് റിയാബ് സമർപ്പിക്കുന്ന വിശകലന റിപ്പോർട്ടുകളുടെയും ചർച്ചകളുടെയും കൂടി അടിസ്ഥാനത്തിലാണ് സർക്കാർ ഈ സ്ഥാപനങ്ങളുടെ ന വീകരണ വിപുലീകരണ പദ്ധതികളുൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ നിർണ്ണായകമായ തീരുമാനങ്ങൾ കൈക്കൊണ്ടുവരുന്നത്.

| | |
|---|---|
| ബി) പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ സുതാര്യമാക്കാൻ റിയാബ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;വിശദമാക്കുമോ; | ബി) സംസ്ഥാനത്തെ വ്യവസായവകുപ്പിൻെറ കീഴിലുള്ള പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലേക്കുള്ള കേരളാ പബ്ലിക് സർവീസ് കമ്മീഷൻെറ പരിധിയിൽ വരാത്ത നിയമനങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിൻെറ ഭാഗമായി ജീവനക്കാരുടെ നിയമനനടപടികളുമായി ബന്ധപ്പെട്ട് എഴുത്തുപരീക്ഷ, പ്രായോഗിക ക്ഷമത നിർണ്ണയം, ഗ്രൂപ്പ് ഡിസ്കഷൻ, അഭിമുഖം എന്നിവയിൽ സ്വീകരിക്കേണ്ട വ്യക്തമായ മാനദണ്ഡങ്ങൾ G.O.(Rt).No.773/2013/ID dated 17/06/2013 പ്രകാരം എല്ലാ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. അഭിമുഖം നടത്തുന്നതിനും, പ്രായോഗിക ക്ഷമത കണക്കാക്കുന്നതിനുമുള്ള കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഈ ഉത്തരവിൽ നൽകിയിട്ടുണ്ട്. ഈ കമ്മിറ്റികളിൽ സർക്കാരിൻെറ പ്രതിനിധി യെയും, റിയാബിൻെറ പ്രതിനിധിയെയും അതാത് മേഖലകളിലുള്ള വിദഗ്ദ്ധരെയും ഉൾപ്പെടുത്തണമെന്ന് സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ട്. |
| സി) റിയാബിന്റെ നിർദ്ദേശങ്ങൾ മറികടന്ന് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനങ്ങൾ നടന്നിട്ടുണ്ടോ; വിശദമാക്കാമോ? | സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ